A1/132/2025-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരിക കാര്യ വകുപ്പ് - കേരള സംഗീത നാടക അക്കാദമിക്ക് 2025- 26 സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതത്തിൽ നിന്നും നാലാം ഗഡു അനുവദിച്ചുത്തരവാകുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

G.O.(Rt)No.143/2026/CLAD തീയതി,തിരുവനന്തപുരം, 19-02-2026

---

പരാമർശം:-
1. 04.01.2021 തീയതിയിലെ 1/2021/Fin നമ്പർ സർക്കുലർ
2. സ.ഉ.(സാധാ) നം.289/2025/സാം.കാ.വ തീയതി, 20.05.2025
3. സ.ഉ.(സാധാ) നം.346/2025/സാം.കാ.വ തീയതി, 20.06.2025
4 സ.ഉ.(സാധാ) നം.541/2025/സാം.കാ.വ തീയതി, 19.09.2025
5 സ.ഉ.(സാധാ) നം.44/2026/സാം.കാ.വ തീയതി, 18.01.2026
6 കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ 29.01.2026 തീയതിയിലെ എ7-2840/2024/സം.നാ.അ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംഗീത നാടക അക്കാദമിക്ക് 2025- 26 സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവ് 9,00,00,000/- രൂപയായി (ഒൻപത് കോടി രൂപ മാത്രം) നിജപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പദ്ധതി വിഹിതത്തിൽ നിന്നും പരാമർശം (3) മുതൽ (5) വരെയുള്ള ഉത്തരവുകൾ പ്രകാരം മൂന്ന് ഗഡുക്കളായി 4,52,89,000/- രൂപ (നാല് കോടി അൻപത്തി രണ്ട് ലക്ഷത്തി എൺപത്തിയൊമ്പതിനായിരം രൂപ മാത്രം) അനുവദിച്ചുത്തരവായിരുന്നു. പ്രസ്തുത വിഹിതത്തിൽ നിന്നും നാലാം ഗഡു അനുവദിക്കണമെന്ന് പരാമർശം (6) പ്രകാരം അക്കാദമി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ധനവിനിയോഗം ഘടകങ്ങളുടെ ഭരണാനുമതി തുകയിൽ അധികരിക്കരുത് എന്ന നിബന്ധനയ്ക്ക് വിധേയമായി, കേരള സംഗീത നാടക അക്കാദമിക്ക് 2025- 26 സാമ്പത്തിക വർഷം "2205-00-102-90-36 (പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 1,00,00,000/- രൂപ (നൂറ് ലക്ഷം രൂപ മാത്രം) നാലാം ഗഡുവായി അനുവദിച്ചുത്തരവാകുന്നു.

3. പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധനകൾ പ്രകാരം കേരള സംഗീത നാടക അക്കാദമിയുടെ തൃശ്ശൂർ സബ് ട്രഷറിയിലുള്ള 799012700000258 എന്ന PSTSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ

സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, വിശദമായ ചെലവ് വിവരം, പ്രതീക്ഷിത ചെലവ് വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
JOINT SECRETARY

സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപൂരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (3172116/EDN-D1/130/2025-FIN dated 18.02.2026)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 20-02-2026 10:16:57